# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 5255.  **23-05-2017 ൽ മറുപടിയ്ക്ക്**

## കടമക്കുടിയിലും മെത്രാൻ കായലിലും ആറൻമുളയിലും നടത്തിയ നെൽകൃഷി

**ചോദ്യം**

ശ്രീ.അടൂർ പ്രകാശ്
,, സണ്ണി ജോസഫ്
,, അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കടമക്കുടിയിലും, മെത്രാൻ കായലിലും, ആറൻമുളയിലും ഈ സർക്കാരിന്റെ ആഭിമുഖ്യത്തിൽ നടത്തിയ നെൽകൃഷിയിൽ എത്ര ക്വിന്റൽ നെല്ല് ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞു; | (എ) | കടമക്കുടി പഞ്ചായത്തിലെ തരിശുസ്ഥലമായ ചേരിതുരുത്ത് 125 ഏക്കർ സ്ഥലത്ത് നെൽകൃഷി ആരംഭിച്ചിട്ടില്ല.<br>മെത്രാൻ കായൽ പാടശേഖരത്തിൽ 2016-17 പുഞ്ച സീസണിൽ 300 ഏക്കറിൽ നടത്തിയ നെൽകൃഷിയിൽ നിന്ന് 6000 ക്വിന്റൽ നെല്ല് കർഷകർക്ക് ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞു.<br>ആറന്മുള പ്രദേശത്ത് 101.02 ഹെക്ടറിൽ പുനരാരംഭിച്ച നെൽകൃഷിയിൽ നിന്നും 5050 ക്വിന്റൽ നെല്ല് കർഷകർ ഉല്പാദിപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലങ്ങളിലെ കൃഷിക്കായി എന്ത് തുക ചെലവായി; | (ബി) | പ്രസ്തുത സ്ഥലങ്ങളിൽ നെൽ കൃഷിക്കായി ചെലവാക്കിയ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>(a) കടമക്കുടി : തുകയൊന്നും ചെലവാക്കിയിട്ടില്ല.<br>(b) മെത്രാൻ കായൽ - പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനം (ആർ.കെ.വി.വൈ.) : 60 ലക്ഷം രൂപ.<br>തരിശുനില കൃഷി സഹായം (ആത്മ ജില്ലാ പദ്ധതി) : 2,88,000/- രൂപ.<br>സൗജന്യ വിത്തുവിതരണം (1500 കിലോഗ്രാം) 60,000/- രൂപ.<br>(c) ആറന്മുള പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നിലമൊരുക്കൽ എന്നിവയ്ക്ക് 87.22851 ലക്ഷം രൂപ ചെലവായിട്ടുണ്ട്. |

| | |
|---|---|
| (സി) വരും വർഷങ്ങളിലും മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ കൃഷി തുടരുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) വരും വർഷങ്ങളിലും മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ കൃഷി തുടരുവാൻ തീരുമാനിച്ചിട്ടുണ്ട്. മാത്രമല്ല കൃഷി ചെയ്യാതെ കിടക്കുന്ന ഇവിടുത്തെ മുഴുവൻ നിലങ്ങളിലും കൃഷി വ്യാപിപ്പിക്കുവാനുള്ള നടപടികൾ തുടർന്നു വരുന്നുണ്ട്. മുന്നൊരുക്കങ്ങൾ സ്വീകരിക്കുന്നതിനായി കർഷകരുടേയും, ബന്ധപ്പെട്ടവരുടേയും യോഗം ചേരുന്നതിന് കൃഷി ഭവനുകൾ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ